**കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്**
**മുഖ്യപരിസ്ഥിതി എഞ്ചിനീയറുടെ നടപടിക്രമം**
***(ഹാജർ: ശ്രീമതി. സിന്ധു രാധാകൃഷ്ണൻ)***

**കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, മേഖലാ ഓഫീസ്, തിരുവനന്തപുരം - ജീവനക്കാര്യം - ബഹു: ദേശീയ ഹരിത ട്രിബ്യൂണൽ O.A No.606/2018 പ്രകാരം മോഡൽ സിറ്റി പ്രോജക്ടിനുവേണ്ടി ടെക്നിക്കൽ അസിസ്റ്റന്റിനെ തെരഞ്ഞെടുക്കുന്നത് - സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്**
**മേഖലാ ഓഫീസ്, തിരുവനന്തപുരം**

നമ്പർ. പിസിബി/ആർഒ/ജിഇഎൻ/ഡിഒ-കെഎൽഎം/28/2019 തിരുവനന്തപുരം, തീയതി: 13/12/2019.

പരാമർശം: 1) ബഹു: ദേശീയ ഹരിത ട്രിബ്യൂണൽ ഓർഡർ O.A No.606/2018 തീയതി:25/04/2019.
2) ജി.ഒ. (ആർ.റ്റി) നമ്പർ 45/2019/ഇഎൻവിറ്റി തീയതി 31/05/2019.
3) 10/07/2019 തീയതിയിൽ കൊല്ലം ജില്ലാ ഓഫീസിൽ നടന്ന അഭിമുഖം.
4) 29/11/2019 -ലെ പിസിബി/കെഒ/ഇ-34/2019 നമ്പർ കത്ത്.

**ഉത്തരവ്**

ബഹു: ദേശീയ ഹരിത ട്രിബ്യൂണലിന്റെ സൂചന (1) പ്രകാരം മോഡൽ സിറ്റി/ടൗൺ/വില്ലേജുകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി സിറ്റി/ടൗൺ/വില്ലേജ് എന്നിവ തെരഞ്ഞെടുത്ത് മോഡൽ സിറ്റി/ടൗൺ/ വില്ലേജ് എന്നീ പരിസ്ഥിതി നിയമങ്ങൾ പാലിച്ച് ആയത് നടപ്പിലാക്കുന്നതിന്റെ ചുമതല സർക്കാർ ബോർഡിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അതിൻപ്രകാരം 01/07/2019-ൽ മെമ്പർ സെക്രട്ടറി യുടെ ചേമ്പറിൽ കൂടിയ മീറ്റിംഗിൽ 6 മാസത്തേയ്ക്ക് ടെക്നിക്കൽ അസിസ്റ്റന്റുമാരെ കൊല്ലം ജില്ലാ ഓഫീസിലേക്ക് തെരഞ്ഞെടുക്കുന്നതിനുള്ള തീരുമാനമെടുക്കുകയുണ്ടായി. മോഡൽ സിറ്റി/ടൗൺ/ പഞ്ചായത്ത് എന്നിവയുടെ ഇൻവെന്ററൈസേഷൻ/വാർഷിക റിപ്പോർട്ട് സമർപ്പിക്കൽ/പ്രോഗ്രസ് റിപ്പോർട്ട്/ ഇൻസ്പെക്ഷൻ/മോണിറ്ററിംഗ് തുടങ്ങിയവയ്ക്ക് വേണ്ടി ബി.ടെക് ഡിഗ്രി സിവിൽ/കെമിക്കൽ യോഗ്യതയുള്ളവരെ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ 6 മാസത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ ഉത്തരവായിട്ടുണ്ട്.

മേൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് താഴെ പറയുന്ന ഉദ്യോഗാർത്ഥിയെ 20,000/- (ഇരുപതിനായിരം രൂപ മാത്രം) രൂപ മൊത്ത വേതനത്തിൽ 6 മാസത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു. ജോലിക്ക് ഹാജരാകുന്ന സമയത്ത് നിശ്ചിത മാതൃകയിലുള്ള ബോണ്ട് 200/- രൂപ സ്റ്റാമ്പ് പേപ്പറിൽ സമർപ്പിക്കണം.

| *Sl. No.* | *Name and Address* | *Name of office* |
|---|---|---|
| 1. | Vineetha Rose Vincent<br>Neerackal,<br>Madhavathu (H)<br>Kadaplamattom. P.O.,<br>Kottayam. | Kerala State Pollution Control Board,<br>District Office, Kollam,<br>Ushas Building, Near Kallupaalam,<br>Big Bazar, Kollam – 691 001. |

ടിയാളുടെ സേവനം തികച്ചും താല്ക്കാലിക അടിസ്ഥാനത്തിലായിരിക്കും. ടിയാളുടെ കർത്തവ്യവും സ്വഭാവവും തൃപ്തികരമല്ലെന്ന് കണ്ടെത്തിയാൽ നിയമനം റദ്ദുചെയ്യുന്നതാണ്. ഈ കോൺട്രാക്ട് നിയമനം കൊണ്ട് ബോർഡിന്റെ സർവ്വീസിൽ റഗുലറൈസ് ചെയ്ത് കിട്ടാനോ ഭാവിയിൽ ബോർഡിലെ റഗുലർ നിയമനത്തിന് അവകാശം ഉണ്ടായിരിക്കുകയോ ചെയ്യുന്നതല്ല.

കോൺട്രാക്ട് നിയമന വ്യവസ്ഥകളും നിബന്ധനകളും അംഗീകരിക്കുന്നപക്ഷം നിയമന ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനുള്ളിൽ കൊല്ലം ജില്ലാ കാര്യാലയ മേലധികാരിക്ക് മുമ്പാകെ ഫോട്ടോ ഐ ഡി, വിദ്യാഭ്യാസ യോഗ്യത, വയസ്, ജാതി എന്നിവയുടെ അസ്സൽ രേഖകളുമായി ഹാജരാകേണ്ടതാണ്. അതോടൊപ്പം നിശ്ചിത മാതൃകയിലുള്ള ബോണ്ടും സമർപ്പിക്കേണ്ടതാണ്.

അംഗീകൃത ഗവൺമെന്റ് ഡോക്ടറിൽനിന്നുള്ള യോഗ്യതാ സർട്ടിഫിക്കറ്റും, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സ്വഭാവ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ ഹാജരാക്കാത്തപക്ഷം ഈ നിയമന ഉത്തരവ് റദ്ദ് ചെയ്തതായി കണക്കാക്കുന്നതും, നിയമനത്തിന് താങ്കൾക്ക് വീണ്ടും അവകാശം ഉന്നയിക്കാൻ അർഹത ഉണ്ടായിരിക്കുന്നതുമല്ല. ബോണ്ടിന്റെ മാതൃക ബോർഡിന്റെ വെബ്ബ്സൈറ്റ് **"www.keralapcb.nic.in"** ൽ ലഭ്യമാണ്.

ചീഫ് എൻവയോൺമെന്റൽ എഞ്ചിനീയർ

ബന്ധപ്പെട്ട വ്യക്തിക്ക്
എൻവയോൺമെന്റൽ എഞ്ചിനീയർ, ജില്ലാ ഓഫീസ്, കൊല്ലം
ഐ റ്റി സെൽ
അക്കൗണ്ട്സ് ഓഫീസർ
ചെയർമാൻ/മെമ്പർ സെക്രട്ടറി എന്നിവരുടെ സി എ മാർക്ക്
ഓഫീസ് കോപ്പി/കരുതൽ ഫയൽ.

KERALA STATE POLLUTION CONTROL BOARD
REGIONAL OFFICE
THIRUVANANTHAPURAM